(സി) ബയോപാർക്കുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ശിലാസ്ഥാപനം നടത്തിയിട്ടുള്ള കോക്കനട്ട് ബയോ പാർക്കിൽ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലാബ് പരിശോധനക്കും വിപണനത്തിനും ആവശ്യമായ മറ്റു സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തുന്നതാണ്.

(ഡി) ബയോപാർക്ക് പദ്ധതിക്കായി 2013-14, 2014-15 വാർഷിക ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കോക്കനട്ട് ബയോപാർക്ക് പദ്ധതിക്കായി 2014-15 വർഷത്തേക്ക് 15 കോടി രൂപ SDG മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരകൃഷി

115 (7412) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് കേരകൃഷി ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നാളികേരത്തിന്റെ ഉൽപ്പാദനത്തിൽ ഈ വർഷം കുറവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13 വർഷം കേരളത്തിൽ 7.98 ലക്ഷം ഹെക്ടറിൽ തെങ്ങു കൃഷി ചെയ്തിട്ടുള്ളതായും 579.9 കോടി നാളികേരം ഉല്പാദനം ഉള്ളതായും കണക്കാക്കിയിട്ടുണ്ട്.

(ബി) ഇല്ല. 2013-14 വർഷത്തെ എസ്റ്റിമേറ്റ് (പ്രൊവിഷണൽ) പ്രകാരം ഉല്പാദനം ഏകദേശം 597.2 കോടി നാളികേരമാണ്.

തെങ്ങുകൃഷി

116 (7413) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ സംസ്ഥാനത്ത് എത്ര ഹെക്ടർ തെങ്ങുകൃഷി ഉണ്ടായിരുന്നു എന്നും ആയത് ഇപ്പോൾ എത്ര ഹെക്ടറായി ചുരുങ്ങിയെന്നും 2001 മുതൽ 2013 വരെ വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2001-ൽ സംസ്ഥാനത്ത് എത്ര തേങ്ങ ഉല്പാദിപ്പിച്ചിരുന്നുവെന്നും ഇപ്പോൾ ഉല്പാദനം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് തെങ്ങുകൃഷി മേഖലയിലും ഉല്പാദനത്തിലും വന്നിട്ടുള്ള കുറവിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചുവോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തെങ്ങുകൃഷി മേഖലയിൽ പടർന്നുപിടിച്ചിട്ടുള്ള രോഗങ്ങൾ എന്തെല്ലാം എന്നും ഇവയ്ക്ക് നിലവിൽ ഏതെല്ലാം മരുന്നുകളാണ് ഉപയോഗിച്ചുവരുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത മരുന്നും പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമല്ലാത്തതിനാൽ തെങ്ങുകൾ മുറിച്ചുനീക്കാൻ കേരകർഷകർ നിർബന്ധിതരാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇപ്രകാരം 2010 മുതൽ 2013 വരെ മുറിച്ചുമാറ്റപ്പെട്ട തെങ്ങുകളുടെ കണക്ക് ലഭ്യമാക്കുമോ ;

(ജി) ഇതു തടയുന്നതിനും തെങ്ങിനുണ്ടാകുന്ന രോഗങ്ങൾക്ക് ഫലപ്രദമായ ഔഷധങ്ങൾ കണ്ടെത്തി പ്രതിരോധിക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-ൽ സംസ്ഥാനത്ത് 905718 ഹെക്ടർ തെങ്ങുകൃഷി ഉണ്ടായിരുന്നു. 2012-13 വർഷം 798162 ഹെക്ടറിൽ തെങ്ങുകൃഷി സംസ്ഥാനത്ത് ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്. 2001 മുതൽ 2013 വരെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	വിസ്തൃതി (ഹെക്ടറിൽ)
2001-02	9,05,718
2002-03	8,99,198
2003-04	8,98,498
2004-05	8,99,267
2005-06	8,97,833
2006-07	8,72,943
2007-08	8,18,812
2008-09	7,87,769
2009-10	7,78,978
2010-11	7,70,473
2011-12	8,20,867
2012-13	7,98,162
2013-14 (എസ്റ്റിമേറ്റ്)	8,15,035

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001-ൽ 547.9 കോടി നാളികേരവും 2012-13-ൽ 579.9 കോടി നാളികേരവുമാണ് ഉല്പാദിപ്പിച്ചിരുന്നത്. 2013-14-ലെ എസ്റ്റിമേറ്റ് പ്രകാരം ഉൽപ്പാദനം 597.2 കോടി നാളികേരമാണ്.

(സി) കാലവസ്ഥയിലുള്ള വ്യതിയാനം, തെങ്ങിനെ ബാധിച്ച കാറ്റുവീഴ്ച രോഗം, വിലയിടിവ്, വളപ്രയോഗത്തിലുണ്ടായ കുറവ്, തൊഴിലാളിക്ഷാമം എന്നിവ തെങ്ങുകൃഷിയേയും ഉല്പാദനത്തെയും ബാധിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) കാറ്റുവീഴ്ച, മഞ്ഞളിപ്പ്, കൂമ്പുചീയൽ, ഓലകരിയൽ എന്നിവയാണ് പ്രധാനമായും കാണപ്പെടുന്ന രോഗങ്ങൾ. ബോർഡോ മിശ്രിതം ആണ് സാധാരണയായി ഉപയോഗിക്കുന്ന കുമിൾനാശിനി, മാങ്കോസെബ് തുടങ്ങിയ കുമിൾനാശിനികളും ഉപയോഗിക്കാറുണ്ട്.

(ഇ) പ്രതിരോധ പ്രവർത്തനങ്ങളും മരുന്നുപ്രയോഗവും യഥാസമയം ശാസ്ത്രീയമായ രീതിയിൽ നടത്തേണ്ടത് തെങ്ങുകളിലെ രോഗബാധ തടയുന്നതിന് അത്യന്താപേക്ഷിതമാണ്. ഇത്തരം പ്രവർത്തനങ്ങൾ യഥാസമയം നടത്താത്തതും കാറ്റുവീഴ്ച രോഗത്തിന് പ്രതിവിധി കാണാത്തതുമാണ് തെങ്ങുകൾ രോഗം ബാധിച്ച് മുറിച്ചുമാറ്റേണ്ടതായി വരുന്ന സാഹചര്യമുണ്ടായത്.

(എഫ്) രോഗബാധിതമായതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് കേന്ദ്ര നാളികേര ബോർഡിന്റെ പൈലറ്റ് പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കുകയുണ്ടായി. പദ്ധതി പ്രകാരം മുറിച്ചുമാറ്റിയ തെങ്ങുകളുടെ എണ്ണം ഇപ്രകാരമാണ്.

വർഷം	മുറിച്ചുമാറ്റിയ തെങ്ങുകളുടെ എണ്ണം
2009-10	6,64,104
2010-11	7,32,552
2011-12	3,65,786

2013-14 വർഷം മുതൽ പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ഇതര ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനും പദ്ധതി നാളീകേര വികസന ബോർഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ജി) തെങ്ങിനുണ്ടാകുന്ന രോഗങ്ങൾക്ക് ഫലപ്രദമായ ഔഷധങ്ങൾ ഉപയോഗത്തിലുണ്ട്. കൂടുതൽ ഗവേഷണങ്ങൾ കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രങ്ങളുമായി ചേർന്ന് സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly